ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഈ പകുതിക്കച്ചേരികളിൽ സൂക്ഷിക്കുന്ന തണ്ടപ്പേരും മറവും ഏതാണ്ട് ഒരു നാല്പതുകൊല്ലം മുമ്പു് അന്നത്തെ കടലാസ്സിൽ അച്ചടിച്ചു വച്ചിട്ടുള്ളതാണെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : തണ്ടപ്പേരും മറവും അങ്ങനെ മാറ്റാൻ കഴിയുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : അതു പുതിയതായി പകർത്താൻ സാധിക്കുകയില്ലേ ?

ശ്രീ. എ. ജെ. ജാൺ : ആവശ്യമുള്ള സ്ഥലങ്ങളിൽ അതു ചെയ്തു കൊണ്ടിരിക്കുകയാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഇന്നു പകുതിക്കച്ചേരികളിൽ പ്ലാനുകളും മറവും നശിപ്പിച്ചു കഴിഞ്ഞിരിക്കുന്നുവെന്നു കായ്യം ഒന്നു ഗൗരവമായി എടുക്കാൻ ഭയമുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൺ : മിക്കവാറും അങ്ങനെ നശിപ്പിച്ചിട്ടില്ല. അതേപ്പറ്റി കാര്യമായി ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

പൌരസ്ത്യഭാഷാ ബി. എ. ക്കാർ.

* 131. [12] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തേഡ് പാർട്ടിൽ നിന്നു എക്സംപ്ഷനും, ബി. എ. ഓണേഴ്സുകാക്കും, ബി. എസ്സ്സി (മദ്രാസ്) കാക്കും ആൻസർ ചെയ്യേണ്ട ഫസ്റ്റും പാർട്ടിന്റെ പേപ്പറും, ബി. എ., ബി. എസ്സ്സി-ക്കാക്കുള്ള സെക്കൻഡ് പാർട്ടിന്റെ പേപ്പറും ആൻസർചെയ്തു ജയിച്ചവരുമായ ഒരുകൂട്ടം പൌരസ്ത്യഭാഷാ ബി. എ. ക്കാർ ഇന്നു എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറിൽ ജോലി നോക്കുന്നവരായുണ്ടോ ;

(ബി) സർവകലാശാല അവർക്കു ബി. എ. ഡിഗ്രി നൽകിയെങ്കിലും അവരെ ഡിപ്പാർട്ടുമെൻറിൽ ബി. എ. ക്കാരായി കണക്കാക്കി ശമ്പളവും തസ്തികയും നൽകാതിരിക്കുന്നതിനു കാരണമെന്താണു് ;

(സി) ബി. എ. ഡിഗ്രി കിട്ടുന്നതിനു മുൻപുതന്നെ പണ്ഡിറ്റ്സാകാൻ യോഗ്യതയുള്ള ഇവരെ ബി. എ. പാസ്സായതിനുശേഷവും പണ്ഡിറ്റ്സായി മാത്രമേ നിയമിക്കൂ എന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) ഡിപ്പാർട്ടുമെൻറിലും അവരെ ബി. എ. ക്കാരായി തന്നെ കണക്കാക്കുകയും 50 – 150 ക. സ്കെയിലിൽ ഭാഷാദ്ധ്യാപകന്മാരായി നിയമിക്കുകയും ചെയ്യുന്നുണ്ടു്.

(സി) നിലവിലുള്ള ചട്ടം ഇതിനുമാത്രമേ അനുവദിക്കുന്നുള്ളൂ.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : ബി. എ–യ്ക്കു പഠിക്കാനുള്ള അവകാശം ഏതു പൌരസ്ത്യഭാഷാ യോഗ്യതയ്ക്കാണു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സാഹിത്യവിശാരദന്മാക്കാണ്.

ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി : മഹോപാദ്ധ്യായന്മാർക്കും ബി. എ–യ്ക്ക് എഴുതാൻ അവകാശമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവർക്കുമുണ്ട് അവകാശം.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : അങ്ങനെ പാസ്സായിട്ടുള്ളവർക്ക് ഉദ്യോഗം കിട്ടത്തക്ക യോഗ്യതയുണ്ടായിട്ടും കിട്ടുന്നില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവരുടെ ഇടയിൽ ഉദ്യോഗം കിട്ടാത്തവർ ധാരാളമുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : ഇവർക്ക് മറ്റ് ബി. എ–ക്കാരെക്കാൾ യോഗ്യതക്കുറവു കല്പിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മറ്റ് ഗ്രാഡുവേറ്റുകളിൽനിന്നും അവർക്ക് ചില വ്യത്യാസമുണ്ട്. അതേപ്പറ്റി ഗവണ്മെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : ആ വ്യത്യാസങ്ങൾ എന്താണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവരെ ലാംഗ്വേജ് അദ്ധ്യാപകന്മാരുടെ പോസ്റ്റിൽ നിയമിക്കാൻ മാത്രമേ യോഗ്യതയുള്ളൂ എന്നു തീരുമാനിച്ചിരിക്കുന്നതനുസരിച്ച് 50–150 രൂപയിൽ നിയമിക്കുകയാണ്.

ശ്രീ. പി. നാരായണൻ പോറ്റി : അവർക്ക് ഉദ്യോഗം കൊടുക്കുന്ന കാര്യത്തിൽ അവരെ ബി. എ–ക്കാരായി പരിഗണിച്ചിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഡിപ്പാർട്ടുമെന്റുകളിൽ ഉദ്യോഗങ്ങൾ മറ്റ് ബി. എ–ക്കാർക്കു കൊടുക്കുന്നതുപോലെ ഇവരെയും ബി. എ–ക്കാരായി പരിഗണിച്ച് ഉദ്യോഗങ്ങൾ കൊടുക്കുന്നുണ്ട്.

ശ്രീ. പി. നാരായണൻപോറ്റി : വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ മറ്റ് ബി. എ–ക്കാരായ ആളുകൾക്കു കിട്ടുന്ന സൗകര്യം ഇവർക്കു കിട്ടുന്നുണ്ടോ ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റി യൂണിവേഴ്സിറ്റിയുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : മറ്റ് ഗ്രാഡുവേറ്റ് ടീച്ചേഴ്സിനെപോലെ ഇവർക്കു പ്രമോഷനർഹതയുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോഴത്തെ നിർദ്ദേശപ്രകാരം ലാംഗ്വേജസ് പോസ്റ്റിൽ മാത്രമാണ് അവരെ നിയമിച്ചിരിക്കുന്നത്. അവർക്ക് യൂണിവേഴ്സിറ്റിയുടെ നിർദ്ദേശമനുസരിച്ച് ലാംഗ്വേജ് സബ്ജക്ട്സ് അല്ലാതെ അറിവുണ്ടോ, പരിചയമുണ്ടോ എന്നുള്ളതിനെപ്പറ്റി സംശയമുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അക്കാര്യം സംശയം ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് മേലുദ്യോഗസ്ഥന്മാക്കാണു്.

ശ്രീ. ടി. കെ. ദിവാകരൻ : അവക്കും ഡിഗ്രി കൊടുത്തിരിക്കുന്ന നിലയ്ക്കു അവർ മറ്റു റഗുലർ സർവീസിനു് അർഹരല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റിയും ഞാൻ ആലോചിക്കുന്നതു്. അവർ പഠിക്കാത്ത കാര്യങ്ങളും അവക്കു പഠിപ്പിക്കാൻ കഴിയുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : ഈ പുഴുത്തുകുത്തിന്റെ ഫലം എന്നത്തേയ്ക്കു ഉണ്ടാകും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതടുത്തുതന്നെ ഉണ്ടാകും.

കശുഅണ്ടിവ്യവസായ ബോർഡു്.

* 132. [13] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുഅണ്ടി വ്യവസായ ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണു് ; സ: സി. അച്യുതമേനോൻ, ജെ. ചിത്തരഞ്ജൻ എന്നിവരെക്കൂടി ബോർഡിലേയ്ക്കു് എടുത്തുകൊണ്ടു് കഴിഞ്ഞ പി. എസ്. പി. മന്ത്രിസഭ ഉത്തരവു് പാസ്സാക്കിയിരുന്നോ ; അവർക്കൂടി ഇന്നു് പ്രസ്തുത ബോർഡിലെ അംഗങ്ങളാണോ ;

(ബി) പ്രസ്തുത ബോർഡു് രൂപീകരിച്ചിരിക്കുന്നതു് എന്തിനാണു്; ഇതുവരെയുള്ള ഈ ബോർഡിന്റെ പ്രവർത്തനംമൂലം വ്യവസായത്തിനു് എന്തു് നേട്ടമുണ്ടായിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കശുഅണ്ടി വ്യവസായ ബോർഡിലെ അംഗങ്ങൾ താഴെ പറയുന്നവരാണു്.

1. ഡയറക്ടർ ആഫ് ഇൻഡസ്ട്രീസ് ആൻഡ് കാമേഴ്സു്.
2. കൃഷി ഡയറക്ടർ.
3. ശ്രീ. എ. തങ്കപ്പൻകുഞ്ഞുമുസലിയാർ.
4. ശ്രീ. എം. എച്ചു്. ഫൗളർ.
5. ശ്രീ. ടി. കെ. ദിവാകരൻ.
6. ശ്രീ. പി. കൃഷ്ണപിള്ള.
7. ശ്രീ. പി. ജി. വർഗ്ഗീസു്.
8. ശ്രീ. കെ. കരുണാകരൻ.

ഡയറക്ടർ ആഫ് ഇൻഡസ്ട്രീസു്, കമ്മറ്റിയുടെ ചെയർമാനായിരിക്കുന്നതാണു്. സഖാവു് സി. അച്യുതമേനോനേയും, ജെ. ചിത്തരഞ്ജനേയും ഈ ബോർഡിലേയ്ക്കു് എടുത്തുകൊണ്ടു് കഴിഞ്ഞ ഗവണ്മെന്റു് ഉത്തരവു് പാസ്സാക്കിയിട്ടില്ല. അവർ ബോർഡിലെ അംഗങ്ങളല്ല.

LIBRARY ARCHIVES Kerala Legislative Assembly